LIBRARY ARCHIVES Kerala Legislative Assembly

മില്ലാതെ സ്റ്റാഫ് മെമ്പേഴ്സിന്റെയും സെക്യൂരിറ്റി സ്റ്റാഫിന്റെയും മുമ്പിൽ വച്ച് കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാറെ ദേഹോപദ്രവം ഏല്പിച്ചതിലേക്കും കേരളാ യൂണിവേഴ്സിറ്റി സ്റ്റാഫംഗങ്ങളുടെ രണ്ട് മോട്ടോർ കാറുകൾ നാശം സംഭവിച്ചതിലേക്കും കേരളാ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. മുഹമ്മദ് ബഷീർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 907/15 u/s 143, 147, 148, 149, 323, 427 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാകുന്നു. ടി കേസ്സിലേക്ക് പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്.

(സി) 23-6-2015-ൽ എസ്.എഫ്.ഐ./കെ.എസ്.യു. പ്രവർത്തകർ തമ്മിൽ സംഘർഷാവസ്ഥ ഉണ്ടായതിനെ തുടർന്ന് കെ.എസ്.യു. പ്രവർത്തകൾ എം.എൽ.എ. ഹോസ്റ്റലിലേക്ക് ഓടിക്കയറിയ സമയം എം.എൽ.എ. ഹോസ്റ്റൽ സെക്യൂരിറ്റിയും വാച്ച് ആന്റ് വാർഡും ചേർന്ന് ടിയാന്മാരെ പുറത്താക്കിയ സമയം എസ്.എഫ്.ഐ.-ക്കാരുമായി വീണ്ടും സംഘർഷാവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി 51 കെ.എസ്.യു. പ്രവർത്തകരെ എം.എൽ.എ. ഹോസ്റ്റലിന് പുറത്ത് ഗേറ്റിന് സമീപത്തുനിന്നും നീക്കം ചെയ്ത് എ.ആർ. ക്യാമ്പിൽ എത്തിച്ച് തുടർന്ന് ടിയാന്മാരെ വിട്ടയച്ചിട്ടുള്ളതാണ്.

(ഡി) കെ.എസ്.യു. പ്രവർത്തകരെ എം.എൽ.എ. ഹോസ്റ്റലിലെ ഗേറ്റിന് സമീപം കൂടിനിന്ന് സംഘർഷാവസ്ഥ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടി നീക്കം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

മുൻ ചീഫ് സെക്രട്ടറി സി.പി. നായർ വധശ്രമക്കേസ്

169 (2988) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻചീഫ് സെക്രട്ടറി സി. പി. നായർ വധശ്രമക്കേസ് പിൻവലിക്കുന്നതിനുള്ള തീരുമാനം എടുത്ത ആഭ്യന്തര വകുപ്പിന്റെ ഫയലിൽ അന്തിമമായി അംഗീകാരം നൽകിയത് ആരാണ് ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനം എടുത്തിരുന്നത് ;

(ബി) ശ്രീ. സി. പി. നായർ ഇതിനായി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; ശ്രീ. സി. പി. നായർ കേസ് പിൻവലിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അപേക്ഷ നൽയിട്ടുണ്ടായിരുന്നുവോ ;

(സി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് ഏത് തീയതിയിലായിരുന്നു ; വിചാരണ പൂർത്തിയായിട്ടുണ്ടായിരുന്നുവോ ; പ്രതികൾക്കെതിരായ കുറ്റങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി ; .

ശ്രീ. ജ്യോതിപ്രസാദ് @ വെട്ടൂർ ജ്യോതിപ്രസാദ് സമർപ്പിച്ച അപേക്ഷയിന്മേൽ നിയമവകുപ്പിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും അഭിപ്രായം ആരാഞ്ഞശേഷം പൊതുതാൽപ്പര്യത്തിന് വിരുദ്ധമല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാൽ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ളതാണ്.

(ബി) ശ്രീ. സി. പി. നായർ കേസ് പിൻവലിക്കരുതെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് അപേക്ഷ നൽകിയിരുന്നു.

(സി) 1. കുറ്റപത്രം സമർപ്പിച്ചത് 31-1-2008-ൽ

2. SC333/2011 നമ്പരായി പത്തനംതിട്ട അഡീഷണൽ ഡിസ്ട്രിക്ട് സെഷൻസ് കോടതി-4 മുമ്പാകെ വിചാരണ നടന്നുവരികയാണ്.

3. Sec. 143, 147, 148, 120(b), 324, 332, 333, 342, 427, 307 r/w149, IPC Sec. 3(2) (e) of PDPP Act 1984 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ.

പത്തനംതിട്ട മലയാലപ്പുഴ ദേവീക്ഷേത്രത്തിൽ ശതകോടി അർച്ചന നടത്തുന്നതിന് ദേവസ്വം കമ്മീഷണറും മറ്റും എതിർത്തു എന്ന് ധരിച്ച പ്രതികൾ, ഗൂഢാലോചന നടത്തി നിയമവിരുദ്ധമായി സംഘം ചേർന്ന് ദേവസ്വം കമ്മീഷണർ ശ്രീ. സി. പി. നായരേയും മറ്റും അന്യായമായി തടങ്കൽ ചെയ്ത് കൊലപ്പെടുത്താൻ ശ്രമിക്കുന്നതുകണ്ട് ആയതിൽനിന്നും പ്രതികളെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പോലീസുദ്യോഗസ്ഥന്മാരെ കല്ലും സോഡാക്കുപ്പികളും കൊണ്ട് എറിഞ്ഞ് പരിക്കേൽപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചും അവരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം ചെയ്തും സർക്കാർ വാഹനങ്ങൾക്കും ദേവസ്വംബോർഡ് വാഹനങ്ങൾക്കും കേടുപാടുവരുത്തി 3 ലക്ഷം രൂപയുടെ നഷ്ടം സംഭവിപ്പിച്ചും സംഭവ സ്ഥലത്തിന് സമീപമുള്ള കടകൾക്കും വീടുകൾക്കും ക്ഷേത്രത്തിന്റെ സദ്യാലയത്തിനും മറ്റും കേടുപാടുകൾ സംഭവിപ്പിച്ചും പ്രതികൾ തങ്ങളുടെ ഉദ്ദേശകാര്യ സാധ്യത്തിന് വേണ്ടി പ്രവർത്തിച്ചു എന്നതാണ് കേസ്സിനാസ്പദമായ സംഗതി.

LIBRARY ARCHIVES Kerala Legislative Assembly